# വിശ്വജ്യോതി എൻജി. കോളജിൽ ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് എഐസിടി അംഗീകാരം

**മൂവാറ്റുപുഴ:** കോതമംഗലം രൂപതയുടെ കീഴിലുള്ള വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സിന് എഐസിടി അംഗീകാരം ലഭിച്ചു. മധ്യകേരളത്തിൽ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സുള്ള ഏക കോളജാണ് വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജ്. നാലു വർഷത്തെ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സി(ബിഎച്ച്എംസിടി)ലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

നിലവിലുള്ള ബിടെക് പ്രോഗ്രാമുകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡേറ്റ സയൻസ് (എഡി), സിവിൽ എൻജിനിയറിംഗ് (സിഇ), കംപ്യൂട്ടർ സയൻസ് ആൻഡ് ഡിസൈൻ (സിഇ), കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ് (സിഎസ്ഇ), ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിംഗ് (ഇസിഇ), ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് (ഇഇഇ), ഇൻഫർമേഷൻ ടെക്നോളജി (ഐടി), മെക്കാനിക്കൽ എൻജിനിയറിംഗ് (എംഇ) കൂടാതെ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളായ എംബിഎ, എംടെക് കോഴ്സുകളിലേക്കും അപേക്ഷ ക്ഷണിച്ചു.

ബിഎച്ച്എംസിടി കോഴ്സിൽ ചേർന്ന് പഠിക്കുന്ന വിദ്യാർഥികൾക്ക് വിദേശരാജ്യങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനും, 100 ശതമാനം പ്ലേസ്മെന്റ് ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും വിശ്വജ്യോതിയുടെ പ്രത്യേകതയാണ്. പ്രവേശന സംബന്ധമായ വിവരങ്ങൾക്ക് ഫോൺ: 9946004446, 9447465399.